**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 336** **06-03-2023 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളെ സ്വയംപര്യാപ്തമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എം. എം. മണി,<br>ശ്രീ. എം.വിജിൻ,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കഴിഞ്ഞ സർക്കാർ അധികാരത്തിലെത്തുമ്പോൾ നൂറ്റി മുപ്പത്തിരണ്ട് കോടി രൂപ നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി ഈ വർഷം മുന്നൂറ്റി എൺപത്തിയാറ് കോടി രൂപ ലാഭം നേടാനായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും നേതൃത്വത്തിൽ നടത്തിവരുന്ന ശക്തമായ ഇടപെടലുകളുടെയും മോണിറ്ററിംഗ് സംവിധാനങ്ങളുടെയും ഫലമായി 2021-22 കാലയളവിൽ സ്ഥാപനങ്ങൾ 386.05 കോടി രൂപ പ്രവർത്തന ലാഭം നേടുകയുണ്ടായി. മുൻ സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 339.04 കോടി രൂപയുടെ വർദ്ധനവ് ആണ് പ്രവർത്തന ലാഭത്തിൽ ഉണ്ടായിരിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷത്തെ (2022-23) ലാഭ നഷ്ട കണക്കുകൾ 2023 മാർച്ച് മാസം പൂർത്തിയായതിനു ശേഷം മാത്രമേ ലഭ്യമാവുകയുള്ളൂ. ഇത് കൂടാതെ മുൻ സാമ്പത്തിക വർഷത്തേക്കാൾ 588.16 കോടി രൂപയുടെ (17.80%) വർധനവ് 2021-22 സാമ്പത്തിക വർഷം വിറ്റുവരവിലും ഉണ്ടായിട്ടുണ്ട്.<br><br>പൊതുമേഖല സ്ഥാപനങ്ങളുടെ സുസ്ഥിരമായ ഭാവി ലക്ഷ്യമിട്ടുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ പദ്ധതികൾ തയ്യാറാക്കി തുടങ്ങിയിട്ടേയുള്ളൂ. ഹ്രസ്വം-ഇടത്തരം-ദീർഘകാലം എന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. ഈ പദ്ധതികൾ പൂർണതോതിൽ പൂർത്തിയാകുന്ന മുറക്ക് കൂടുതൽ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും ഉല്പന്നങ്ങളുടെ കമ്പോളം വിലയിരുത്തി ഉല്പാദന വർദ്ധനവിനോ വൈവിധ്യവൽക്കരണത്തിനോ പദ്ധതി തയ്യാറാക്കി വരുന്നുണ്ടോ; | (ബി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി വിശദമായി വിലയിരുത്തിയപ്പോൾ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് സാങ്കേതിക രംഗത്തും |

| | | | |
|---|---|---|---|
| | | | വിപണന മേഖലയിലും കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കൂടുതൽ വിപണന സാധ്യതയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കുറഞ്ഞ ചെലവിൽ ഉല്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യ സ്വായത്തമാക്കി വൈവിധ്യവൽക്കരണമടിസ്ഥാനമാക്കി നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുകയുണ്ടായി.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായികൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ട് രൂപകൽപ്പന ചെയ്ത മാസ്റ്റർ പ്ലാൻ പദ്ധതികൾ സ്ഥാപനങ്ങൾ തയ്യാറാക്കി വരുന്നു. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ അതിജീവന സാധ്യത ഉറപ്പാക്കി ബജറ്റിതര ധനസഹായം നേടി സ്വയംപര്യാപ്തമാക്കാൻ പരിപാടിയുണ്ടോ; ഇതിനായി മാനേജ്മെന്റ് തലത്തിൽ ഉചിതമായ നവീകരണം ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വാശ്രയത്തിലൂന്നിയുള്ള നിലനിൽപ്പിനും അതോടൊപ്പം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ മൂലധന സ്വരൂപണത്തിനും കഴിയുന്ന തരത്തിൽ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോട്ട് കൂടി മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റിതര ധനസഹായം പൊതുമേഖല ബാങ്കുകൾ വഴിയോ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ മുഖേനയോ ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കേരളത്തിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖല ബാങ്കുകളുടെയും, ഷെഡ്യൂൾഡ് ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും ഉയർന്ന ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു യോഗം ചേരുകയും തുടർന്ന് 9 ബാങ്കുകൾ ഉൾപ്പെടുന്ന ഒരു വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി റിയാബിന്റെ നേതൃത്വത്തിൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ നടപടികൾ പുരോഗമിച്ച് വരുന്നു.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി അതാത് മേഖലയിൽ വിദഗ്ദ്ധരായവരെ കമ്പനി മേധാവികളായി നിയമിക്കുന്നതിനും ഡയറക്ടർ ബോർഡുകൾ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരെ ഇൻഡിപെൻഡന്റ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന |

| | | | |
|---|---|---|---|
| | | | പരിപാടികളും നടത്തിവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിങ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.<br><br>പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി മുഖേന നിയമനം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത തസ്തികകളിലേക്കുള്ള നിയമന നടപടികൾ സുതാര്യവും സമയബന്ധിതവുമായി സ്വീകരിക്കുന്നതിനായി കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ